LIBRARY ARCHIVES Kerala Legislative Assembly

**ഒളിമ്പിക് താരത്തിന് വീടും സ്ഥലവും**

258 (2978) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ടോക്കിയോ ഒളിംപിക്സിൽ 4x400 മീറ്റർ മിക്സഡ് റിലേയിൽ ഇന്ത്യയെ പ്രതിനിധീകരിക്കുന്ന തിരുവനന്തപുരം പുല്ലുവിള സ്വദേശി അലക്സ് ആന്റണിക്ക് വീടും സ്ഥലവും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിൽ പരിഗണനയിലില്ല. എന്നാൽ ടോക്കിയോ ഒളിമ്പിക്സിൽ 4x400 മീറ്റർ റിലേ ഇനത്തിൽ പങ്കെടുക്കാൻ യോഗ്യത നേടിയ മലയാളി കായികതാരം ശ്രീ.അലക്സ് ആന്റണിക്ക് പരിശീലനത്തിനും മറ്റ് അനുബന്ധ സൗകര്യം ഒരുക്കുന്നതിനുമുള്ള സാമ്പത്തിക സഹായമായി 5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

**കോവിഡ്മൂലം നിലച്ച കായിക പ്രവർത്തനങ്ങൾ**

259 (2979) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിയെ തുടർന്ന് കായിക പരിശീലനം, കായിക പ്രകടനങ്ങൾ, ചെറുതും വലുതുമായ ടൂർണമെന്റുകൾ എന്നിവ നിലച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോവിഡ് കായികമേഖലയിലെ എല്ലാ പ്രവർത്തനങ്ങളെയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. സ്റ്റേഡിയങ്ങളിലും മറ്റ് കളിസ്ഥലങ്ങളിലും പൊതുജനങ്ങൾക്ക് പ്രവേശനം നിരോധിച്ചതിനാൽ കായിക പരിശീലനത്തെ സാരമായി ബാധിച്ചിട്ടുണ്ട്.

(ബി) എങ്കിൽ ഈ പ്രതിസന്ധി പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടികളെ ക്കുറിച്ച് വിശദമാക്കാമോ?

കായികയുവജന കാര്യാലയത്തിന്റെ അധീനതയിലുള്ള ജി.വി.രാജ സ്പോർട്സ് സ്കൂളിലെയും കണ്ണൂർ സ്പോർട്സ് ഡിവിഷനിലെയും കുട്ടികൾക്കായി കായിക പരിശീലകരുടെ നേതൃത്വത്തിൽ ഓൺലൈൻ ക്ലാസ്സുകൾ സി-ഡിറ്റുമായിചേർന്ന് വിദഗ്ധരെയുൾപ്പെടുത്തി തയ്യാറാക്കിവരുന്നു.